കുടിവെള്ള ക്ഷാമം

260 [432] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കൊല്ലങ്കോട്, മുതലമട, പല്ലശ്ശന, വടവന്നൂർ എന്നീ പ്രദേശങ്ങളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) കാലവർഷം ഈ കൊല്ലവും വളരെ താമസിക്കുമെന്ന് മുന്നറിയിപ്പുള്ളതിനാൽ ഈ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിര നടപടികളും സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊല്ലങ്കോട് പഞ്ചായത്തിൽ രണ്ടു കുഴൽ കിണറുകളിൽ നിന്ന് വെള്ളം പമ്പു ചെയ്ത് പൈപ്പുകൾ വഴി ജലവിതരണം നടത്തി വരുന്നു. കൂടാതെ മറ്റൊരു കുഴൽ കിണറിൽ ഹാൻഡ് പമ്പും ഘടിപ്പിച്ചിട്ടുണ്ട്. മുതലമട പഞ്ചായത്തിൽ ഇതിനകം അഞ്ചുകുഴൽ കിണറുകൾ കുഴിച്ച് ഹാൻഡ് പമ്പുകൾ ഘടിപ്പിച്ചിട്ടുണ്ട്. ഗുണക്കടവിൽ (പറമ്പിക്കുളം) ഗിരിജനങ്ങൾക്ക് മാത്രമായുള്ള ഒരു പദ്ധതിയും പ്രവർത്തിച്ചുവരുന്നു. ചെമ്മണാംചേരിയിൽ ഗിരിജനങ്ങൾക്കായുള്ള മറ്റൊരു പദ്ധതിയുടെ പണികളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ മുതലമട പഞ്ചായത്തിൽ ഭൂഗർഭ ജലത്തിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ കൂടുതൽ കുഴൽ കിണറുകൾ കുഴിക്കുന്നതിനും ഉദ്ദേശമുണ്ട്. പല്ലശ്ശന പഞ്ചായത്തിൽ കുഴിച്ചിട്ടുള്ള കുഴൽ കിണറുകളിൽ രണ്ടിൽ ഹാൻഡ് പമ്പും ഒരെണ്ണത്തിൽ മോട്ടോർ പമ്പും ഘടിപ്പിച്ചിട്ടുണ്ട്. രണ്ടാമത്തെ കുഴൽ കിണറിൽ നിന്നും പൈപ്പുകൾ വഴി മീക്കവാറും ഈ വേനൽക്കാലത്ത് തന്നെ ജലവിതരണം നടത്തുവാൻ സാധിക്കും. വടവന്നൂർ പഞ്ചായത്തിൽ നാലു കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ട്. ഇതിൽ മൂന്നെണ്ണത്തിലും ഹാൻഡ് പമ്പ് ഘടിപ്പിച്ച് ജലവിതരണം നടത്തിവരുന്നു. ഒരെണ്ണത്തിൽ മോട്ടോർ പമ്പുകൾ ഘടിപ്പിച്ച് ജലവിതരണം നടത്തുവാൻവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ വേനൽക്കാലത്തുതന്നെ ഇത് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നു കരുതുന്നു.

(ബി) മേൽ വിവരിച്ച നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ആര്യംകോട് പഞ്ചായത്തിലെ വാട്ടർ സപ്ലൈ സ്കീം

261 [433] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

ആര്യങ്കോട് പഞ്ചായത്തിലെ വാട്ടർ സപ്ലൈ സ്കീം എത്ര മാത്രം പുരോഗമിച്ചുവെന്നും എപ്പോൾ പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

പ്രസ്തുത സ്കീമിലേക്കുള്ള പൈപ്പ് ലൈൻ ജോലികൾ 750-തോളം തീർത്തിട്ടുണ്ട്. ടാങ്ക്, പമ്പ് ഹൗസ്, ഗ്യാലറി തുടങ്ങിയവയുടെ പണികൾ ഉടൻ തന്നെ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഒരു വർഷത്തിനകം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly